**A** **612**

# സമഗ്ര ശിക്ഷാ, കേരളം
## അർധവാർഷിക മൂല്യനിർണയം 2019-20
## മലയാളം
## അടിസ്ഥാനപാഠാവലി

ക്ലാസ് : 6 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1 വായിക്കാം എഴുതാം**

ഒരു ദിവസം ബൈചുങ് തന്റെ സ്കൂൾ ടീം മോശം പ്രകടനം കാഴ്ച വെയ്ക്കുന്നതു കണ്ടു കൊണ്ടിരിക്കുകയായിരുന്നു. "ഇങ്ങനെ കളിച്ചാൽ അവർ തോറ്റതു തന്നെ", കളത്തിലിറങ്ങിയാൽ എനിക്ക് അവരെ സഹായിക്കാമായിരുന്നു". അവൻ നിരാശയോടെ ഓർത്തു.

അവന്റെ കായികാധ്യാപകൻ മുതിർന്ന കുട്ടികളുടെ ടീമിനൊപ്പം വേറെയേതോ മത്സരത്തിൽ പങ്കെടുക്കാൻ പോയിരിക്കുകയായിരുന്നു. പെട്ടെന്ന് അവനൊരു ബുദ്ധി തോന്നി. അവൻ പ്രിൻസിപ്പൽ ഫാദർ.ജോർജ്ജിന്റെ അടുത്തേക്ക് ഓടി.

"സർ, ദയവു ചെയ്ത് നമ്മുടെ ടീമിനു വേണ്ടി കളിക്കാൻ എന്നെ അനുവദിക്കുമോ"? അവൻ കിതച്ചു കൊണ്ടു ചോദിച്ചു. ആകാംക്ഷ കൊണ്ട് അവനു നേരെ നിൽക്കാൻ കൂടി കഴിഞ്ഞില്ല. കളി കണ്ടു കൊണ്ടിരുന്ന പ്രിൻസിപ്പൽ അവന്റെ ഓജസ്സും ഉദ്വേഗവും നിറഞ്ഞ മുഖത്തേക്കു നോക്കി.

"പക്ഷേ, ബൈചുങ് നിനക്കു വിശ്വാസമുണ്ടോ നമ്മുടെ ടീമിനെ വിജയിപ്പിക്കാൻ നിനക്കു കഴിയുമെന്ന്"? സൗമ്യതയോടെ അദ്ദേഹം ചോദിച്ചു.

സ്പോർട്സിനോട് അർപ്പണബോധമുള്ള ആ കുട്ടിയെ അദ്ദേഹത്തിന് ഇഷ്ടമായിരുന്നു.

"ഉണ്ട് സർ! ജയിക്കാനായി ഞാനെന്റെ കഴിവു മുഴുവൻ പ്രകടിപ്പിക്കും സർ"! അവൻ പറഞ്ഞു.

"ശരി, എന്നാൽ പോയി ഷൂസിട്ടു വരാമോ"?

"ശരി സർ! നന്ദി സർ"! അവൻ വേഷം ധരിക്കുന്നതിനായി ഡോർമിറ്ററിയിലേക്ക് ഓടി.

ആദ്യപകുതിയിൽ അവരുടെ ടീം കളിയിൽ പിന്നിലായപ്പോഴാണ് അവനിറങ്ങിയത്. കളിയുടെ നിയന്ത്രണമാകെ ഏറ്റെടുത്ത് അവൻ ചാട്ടുളി കണക്കെ കളം നിറഞ്ഞ് കളിക്കുകയും രണ്ടു ഗോളുകൾ അടിക്കുകയും ചെയ്തു. ഈ പ്രകടനത്തോടെ അവന് 12 വയസ്സിനു താഴെ പ്രായമുള്ളവരുടെ ടീമിൽ അംഗത്വം ലഭിച്ചു. ഒരു ഒമ്പത് വയസ്സുകാരന് അതൊരു വലിയ നേട്ടമായിരുന്നു.

**മുകളിൽ നൽകിയ ഗദ്യം വായിച്ച് ബ്രാക്കറ്റിൽ നിന്നും അനുയോജ്യമായ ഉത്തരം കണ്ടെത്തി എഴുതുക.**

1. 'ചാട്ടുളികണക്കെ' എന്ന പ്രയോഗം ബൈചുങ്ങിന്റെ കളിയുടെ ഏത് പ്രത്യേകതയെയാണ് എടുത്തുകാണിക്കുന്നത്?
(നിയന്ത്രണം, വേഗത, ആത്മവിശ്വാസം )
2. ആരാണ് ബൈചുങ്ങിനെ സ്കൂൾ ടീമിൽ കളിക്കാൻ അനുവാദം കൊടുത്തത്?
(പ്രിൻസിപ്പൽ, കായികാധ്യാപകൻ, ക്യാപ്റ്റൻ)

3. ബൈചുങ്ങിന്റെ ഏതു ഗുണമാണ് പ്രിൻസിപ്പലിന് ഇഷ്ടപ്പെട്ടത്?

(പ്രായക്കുറവ്, ഉദ്വേഗം, അർപ്പണ ബോധം)

4. ബൈചുങ്ങിന്റെ ആത്മവിശ്വാസം എടുത്തുകാണിക്കുന്ന പ്രസ്താവന ഏത്?

(എ.) ദയവു ചെയ്ത് എന്നെ കളിക്കാൻ അനുവദിക്കുമോ?

(ബി) ജയിക്കാനായി ഞാനെന്റെ കഴിവു മുഴുവൻ പ്രകടിപ്പിക്കും.

(സി) ഇങ്ങനെ കളിച്ചാൽ അവർ തോറ്റതു തന്നെ.

5. ആ ഒമ്പതു വയസ്സുകാരന്റെ വലിയ നേട്ടമായത് എന്ത്?

(രണ്ടു ഗോൾ നേടിയത്, വാക്കു പാലിച്ചത്, സ്കൂൾ ടീമിൽ അംഗത്വം ലഭിച്ചത്.)

## പ്രവർത്തനം - 2 വിശകലനക്കുറിപ്പ്

കാർട്ടൂൺ - പി.വി.കൃഷ്ണൻ




മുകളിൽ തന്നിരിക്കുന്ന കാർട്ടൂണിലെ ഓണാനുഭവം വായിച്ചില്ലേ? പാഠപുസ്തകത്തിൽ പരിചയപ്പെട്ട തകഴിയുടെ ഓണാനുഭവവുമായി കൂട്ടിച്ചേർത്ത് ഒരു വിശകലനക്കുറിപ്പ് തയാറാക്കുക.

## പ്രവർത്തനം - 3 കഥാപാത്ര നിരൂപണം.

അഗ്നിഹോത്രി പുഞ്ചിരിച്ചു കൊണ്ട് മുറ്റത്തേക്കിറങ്ങി. ഉപ്പുകൊറ്റനു നേരെ കൈ നീട്ടി. ബന്ധത്തിന്റെ ആഴവും വിശാലതയും പകർന്നു തരുന്ന അഗ്നിഹോത്രിയെ പരിചയപ്പെട്ടില്ലേ. അദ്ദേഹത്തിന്റെ സ്വഭാവ സവിശേഷതകളും കഥയിലെ സ്ഥാനവും ഉൾപ്പെടുത്തി കഥാപാത്ര നിരൂപണം തയാറാക്കുക.

### പ്രവർത്തനം - 4 താരതമ്യക്കുറിപ്പ്

കണ്ണീർ തുടച്ച് കവിത മൂളി
കാറ്റും കിളിയും അകന്നു പോയി
കാടും കടലും മലനിരയും
വായുവും മണ്ണും നീലാകാശവും
പങ്കിട്ടെടുത്തു നാം സ്വന്തമാക്കി.

- മുഹമ്മ ശശിധരപ്പണിക്കർ

ബോധേശ്വരന്റെ 'കേരള ഗാനത്തിലെ' കേരളവും മുകളിലെ വരികളിലെ കേരളവും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

### പ്രവർത്തനം - 5 ആസ്വാദനക്കുറിപ്പ്

കാർനിഴൽ മുറ്റിയ കർക്കിടകത്തിൽ-
കാനന ഭീകര ഹൃദയത്തിൽ
പലനിറമിഴുകിയ പൊന്നിൻ ചിങ്ങം
മലർമഴ പെയ്യും ദിവസത്തിൽ
പാഴ്ചളികൊണ്ടെൻ മരണം വരെ ഞാൻ
പവിഴപ്പാൽക്കുല വിളയിക്കും!
കണ്ണുള്ളവരതു കാണട്ടേ, കൊ-
യ്തുണ്ണാവുന്നവരുണ്ണട്ടേ.

(അക്കിത്തം)

ഈ കവിതയിലും, 'പുഞ്ച കൊയ്തേ കളം നിറഞ്ഞേ' എന്ന നാടൻപാട്ടിലും കാർഷിക സംസ്കാരത്തിൽ നിന്നും അനുഭവിക്കുന്ന സന്തോഷമാണുള്ളത്. 'അധ്വാനത്തിന്റെ മഹത്വം' എന്ന ആശയം ഉൾപ്പെടുത്തി മുകളിലെ കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

### പ്രവർത്തനം - 6 അഭിപ്രായക്കുറിപ്പ്

കവളപ്പാറയിലുണ്ടായ ഉരുൾപൊട്ടലിൽ മരിച്ചവരുടെ പോസ്റ്റുമോർട്ടം നടത്തുന്നതിനായി ഒരു ആരാധനാലയത്തിന്റെ പ്രാർത്ഥനാമുറി വിട്ടുകൊടുത്ത വാർത്ത നാം വായിച്ചതാണ്.

"എല്ലാവരും മനുഷ്യരല്ലേ; ഒരേ ചോരയല്ലേ" ഉപ്പുകൊറ്റന്റെ ചോദ്യം ഇപ്പോഴും പ്രസക്തമാണ്. അഭിപ്രായക്കുറിപ്പ് തയാറാക്കുക.